# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്-ജീവനക്കാര്യം-ഗവൺമെന്റ് കോളേജിൽ സൈക്കോളജി വിഭാഗം ലക്ചറർ ആയി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================================

ഉത്തരവ് നമ്പർ A1/20416/2014/കോ.വി.വ., തിരുവനന്തപുരം, തീയതി: 29/05/2018

=====================================================================================

പരാമർശം:1. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 23.03.2018 തീയതിയിലെ RID(3) 1231/17/GW നമ്പർ നിയമനശുപാർശ

2 21.03.1994-ലെ (പി) നം.41/94/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

3 ജി.ഒ(പി) നമ്പർ 45/1991/പി&എ.ആർ.ഡി തീയതി.30.12.1991.

4 ജി.ഒ(പി) നമ്പർ 41/2010/ഉ.ഭ.പ.വ തീയതി.14.12.2010.

5 ജി.ഒ(പി) നമ്പർ 20/2011/ഉ.ഭ.പ.വ തീയതി.30.06.2011.

6 16.08.2013 ലെ സ.ഉ(അ) 23/2013/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

മേൽ പരാമർശം ഒന്ന് കത്ത് പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അഡൈ്വസ് ചെയ്ത താഴെപ്പറയുന്ന ഉദ്യോഗാർത്ഥിയെ 15,600-39,100/- രൂപ ശമ്പള സ്കെയിലിൽ സൈക്കോളജി വിഭാഗം ലക്ചറർ ആയി അവരുടെ പേരിനെതിരെ ചേർത്ത ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ റൂൾ (3)(സി)യ്ക്ക് വിധേയമായിരിക്കും. നിയമനം ലഭിച്ചയാൾ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) എന്നിവ സഹിതം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതും അപ്രകാരം പ്രവേശിക്കാത്ത പക്ഷം നിയമന ഉത്തരവ് റദ്ദു ചെയ്യുന്നതുമാണ്.

| ക്രമ നം. | പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | ഏത് ഒഴിവിൽ എവിടെ നിയമിക്കുന്നു. |
|---|---|---|---|---|
| 1. | Sri. Justine .K. James,<br>Kollakkadan House<br>Sreemoolanagaram<br>Ernakulam<br>Sreemoolanagaram<br>683 580<br>(OC Turn) | M.Sc.<br>(Applied Psychology)<br><br>NET | 13.10.1985 | തിരുവനന്തപുരം<br>യൂണിവേഴ്സിറ്റി കോളേജിൽ നിലവിലുള്ള ഒഴിവിൽ |

GOVERNMENT OF KERALA 2017-18

ഈ നിയമനം കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ 10 (ബി) പ്രകാരം ചട്ടം 9 ഉപചട്ടം (2) Clause (1) അനുസരിച്ച് തീർത്തും താല്കാലികമായിരിക്കും. കൂടാതെ ഈ നിയമനം ഉദ്യോഗാർത്ഥിയുടെ സ്വഭാവപൂർവ്വചരിത്ര പരിശോധനാ റിപ്പോർട്ടിനും നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ വാസ്തവികതാ പരിശോധനാ റിപ്പോർട്ടിനും കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിശോധനാ റിപ്പോർട്ടിനും വിധേയമായിരിക്കും. വാസ്തവികതാ റിപ്പോർട്ടോ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിശോധനാ റിപ്പോർട്ടോ, പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടോ പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതുമായിരിക്കും.

നിലവിൽ ജനനതീയതിയിൽ ഏതെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിച്ച് 5 വർഷത്തിനകം ആയത് തിരുത്തിക്കിട്ടുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സൂചന (3) ലെ ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07.01.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ(പി)നം.20/2013/ഫിൻ പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

**ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പാൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

1) ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപായി അവരുടെ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
2) ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിച്ച തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
3) ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും ശരിയാണോയെന്ന് ബോദ്ധ്യപ്പെട്ടതായി രേഖപ്പെടുത്തി ഈ സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തിയും, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയും അയച്ചു തരേണ്ടതാണ്.
4) അസ്സൽ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ മേലൊപ്പ് വച്ചശേഷം ചാർജ് കൈമാറ്റം ചെയ്ത സർട്ടിഫിക്കറ്റിനോടൊപ്പം കോട്ടയത്തെ കേരളാ അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്സ്) ന്റെ ബ്രാഞ്ച് ഓഫീസിലേക്ക് സർവ്വീസ് രേഖകളിൽ പതിക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്.
5) പോലീസ് വെരിഫിക്കേഷനും പി.എസ്സ്.സി വെരിഫിക്കേഷനും അയച്ചുകൊടുക്കേണ്ടതുമായ പ്രൊഫോർമകൾ, നെറ്റ്/പി.എച്ച്.ഡി/എംഫിൽ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ വൺടൈം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമായ രേഖകൾഎ3/35854/2016/കോവിവ തീയതി 13-10-2013 സർക്കുലറിലെ നിർദ്ദേശം പാലിച്ചുകൊണ്ടുള്ളതും പൂർണ്ണമായും പൂരിപ്പിച്ചതുമാകണം. കൂടുതൽ വിവരങ്ങൾക്ക് www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്.

GOVERNMENT OF KERALA 2017-18

17461

6) അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ആ വിവരം ഉടൻ തന്നെ, അസ്സൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റു സഹിതം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയ പരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

ഒപ്പ്/-
ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്

1. ബന്ധപ്പെട്ട ഉദ്യോഗാർത്ഥിക്ക് (രജിസ്റ്റേർഡ് വിത്ത് അക്നോളഡ്ജ്മെന്റ്)
2. ബന്ധപ്പെട്ട പ്രിൻസിപ്പാളിന്. (രജിസ്റ്റേർഡ് വിത്ത് അക്നോളഡ്ജ്മെന്റ്)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, ബ്രാഞ്ച് ഓഫീസ്, കോട്ടയം.
4. കരുതൽ ഫയൽ/ഓഫീസ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

n.a



117463